**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1175** **10-08-2023 - ൽ മറുപടിയ്ക്ക്**

**പാലയാട് തുരുത്തിപ്പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മണിയൂർ ഗ്രാമപഞ്ചായത്തിലെ പാലയാട് തുരുത്തിപ്പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | മണിയൂർ ഗ്രാമപഞ്ചായത്തിലെ പാലയാട് തുരുത്തിയിലേയ്ക്കുള്ള പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പ്രവൃത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തിരം ഭാഗികമായി പൂർത്തീകരിക്കുകയും റിംഗ് ബണ്ട് നിർമ്മാണം അവസാന ഘട്ടത്തിലുമാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയത് എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ബി) | ചില മാറ്റങ്ങളോടെ പ്രവൃത്തി നടപ്പാക്കുന്നതിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. പി.ഡബ്ല്യൂ.ഡി മാന്വലിലെ വ്യവസ്ഥകൾ പാലിച്ച് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി നടപ്പാക്കുന്നതാണ്.. പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി നിർമ്മിച്ച റിംഗ് ബണ്ട് വഴി പൊതുജനങ്ങൾ തുരുത്തിലേയ്ക്ക് സഞ്ചരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ